നം. ഇ.എസ്2-24840/2019/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 22/6/2019

# നോട്ടീസ്

വിഷയം : ആ.വ.ഡ – വള്ളിക്കുന്നം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് എം. ഷാജി സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്-

സൂചന :
1. നം.എ2-5689/2019/ജി.മെ.ഓ(ആ), ആലപ്പുഴ, തീയതി. 27/03/2019
2. ഗ.ഉ(Rt) നം. 1345/88/H & FWD, തീയതി. 23/05/1988
3. ഒ & എം2-78765/89/ആ.വ.ഡ, തീയതി. 17/04/1991
4. ഗ.ഉ(Rt) നം. 1893/92/H & FWD, തീയതി. 01/08/1992
5. ഉത്തരവ് നം. 4839/95/ജി.മെ.ആ, ആലപ്പുഴ, തീയതി. 23/02/1995
6. ഉത്തരവ് നം. എ2-1810/98/ജി.മെ.ആ, ആലപ്പുഴ, തീയതി. 05/06/1998
7. ഉത്തരവ് നം. ഇ. എസ്2-151198/05/ആ.വ.ഡ, തീയതി. 02/02/2007

ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ചേർക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്ക് ശ്രീ. എം. ഷാജി സമർപ്പിച്ച അപേക്ഷ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീ. എം. ഷാജി 24.10.1988 ൽ സൂചന 2 പ്രകാരം എൽ. ഡി ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. പ്രൊബേഷൻ ഡിക്ലയർ ചെയ്യാനാവശ്യമായ MOP ടെസ്റ്റ് പാസാകുന്നതിനു മുൻപ് 19.08.1992 മുതൽ 01.03.1995 വരെ ശൂന്യവേതന അവധിയിൽ ആയിരുന്നു. 02.03.1995ൽ സർവ്വീസിൽ തിരികെ പ്രവേശിച്ചു.

18.01.1997 ൽ MOP പാസ്സായതിനെ തുടർന്ന് ശൂന്യവേതന അവധിക്ക് ശേഷം 02.03.1995 ൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കി (Fresh entrant) സൂചന 6 പ്രകാരം 02.03.1997 കണക്കാക്കി പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

സൂചന 3 പ്രകാരം 1986 മുതൽ 1990 വരെയുള്ള കാലയളവിലെ എൽ. ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 531 –ാം സ്ഥാനം നൽകി ടിയാനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. എം. ഷാജിയെ 02.03.1995 ൽ സർവ്വീസിൽ (Fresh entrant) ആയി പരിഗണിച്ച് സൂചന 7 പ്രകാരമുള്ള 01.01.1994 മുതൽ 31.03.1997വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 73A എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | Date of entry in Service | G.O No. | Date of Reckoned for seniority | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|---|
| 1 | Binu John. A George | 30/5/1972 | 09/3/1995 | G.O.MS2/95/H & FWD, Dated: 2.1.1995 A2-7091/90, Dated: 2.3.1995 | 02/3/1995 | 73 | 73 | |
| 2 | M. Shaji | 30/5/1967 | 02/3/1995 | G.O(Rt)1345/1988/H & FWD, Dated: 23/5/1988 A2-4839/95/DMO(H)A, Dated: 23.2.1995 | 02/3/1995 (Fresh entrant) | -- | 73A | LWA before declaration of probation |
| 3 | T. M. Mahilamony | 26/5/1962 | 17/3/1995 | G.O(MS)No.327/94/ H & FWD, Dated: 20/10/94 A2-33344/94, Dated: 4.3.1995 | 13.3.1995 | 74 | 74 | |

സൂചന 3 പ്രകാരം 1986 മുതൽ 1990 വരെയുള്ള കാലയളവിലെ എൽ. ഡി ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിലെ 531 –ാം സ്ഥാനം റദ്ദാക്കുവാനും തീരുമാനിച്ചിരിക്കുന്നു.

ഈ നോട്ടീസിന്മേൽ ആർക്കെങ്കിലും പരാതികളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. എം. ഷാജി

ക്ലാർക്ക്, പ്രാഥമികാരോഗ്യ കേന്ദ്രം, വള്ളിക്കുന്നം, ആലപ്പുഴ

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

5130